# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6957 13.07.2012 - ൽ മറുപടിക്ക്

## നേമത്ത് ഡ്രെയിനേജ്/സിവറേജ് കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | **നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് ഡ്രെയിനേജ്/ സിവറേജ് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യം നിലവിലുള്ളത്;** | (എ) | നേമം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂജപ്പുര, മുടവൻ മുഗൾ, കരമന, കാലടി വാർഡിന്റെ ഒരു ഭാഗം കമലേശ്വരം വാർഡിന്റെ ഒരു ഭാഗം കളിപ്പാൻകുളം, ആറ്റുകാൽ വാർഡിന്റെ ഒരു ഭാഗം, നെടുങ്കാട് എന്നീ വാർഡുകളിലാണ് ഡ്രെയിനേജ്/സിവറേജ് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ നിലവിലുള്ളത്. |
| (ബി) | **പ്രസ്തുത നിയോജക മണ്ഡലത്തിൽ ഏതെങ്കിലും നഗരസഭാ വാർഡിലോ/ വാർഡുകളിലോ ഡ്രെയിനേജ് കണക്ഷൻ നൽകുന്നത് ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ ;** | (ബി) | നിർത്തിവച്ചിട്ടില്ല. |
| (സി) | **ഉണ്ടെങ്കിൽ ആയത് ഏതൊക്കെ വാർഡുകളിലാണെന്നും ആയതിന്റെ കാരണമെന്താണെന്നും വിശദമാക്കുമോ?** | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ